# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 5330**

**31.10.2016-ൽ**
**മറുപടിയ്ക്ക്**

## ബയോ ടെക്നോളജി വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ആർ രാമചന്ദ്രൻ<br>ശ്രീ.കെ.രാജൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ബയോ ടെക്നോളജി അധിഷ്ഠിതമായ വ്യവസായങ്ങൾ സംബന്ധിച്ച് നയം വ്യക്തമാക്കുമോ; | എ) ബയോ ടെക്നോളജിയധിഷ്ഠിതമായ വ്യവസായങ്ങൾ നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കണമെന്നതാണ് സർക്കാരിന്റെ നയം. |
| ബി) കേരളം ആസ്ഥാനമായി പ്രവർത്തിച്ച് ലോകമാർക്കറ്റിൽ ഇടം നേടിയിട്ടുള്ള ബയോ ടെക്നോളജി കമ്പനികളുണ്ടോ; വിശദമാക്കുമോ; | ബി) കിൻഫ്ര സ്ഥാപിച്ചിട്ടുള്ള ഹൈടെക് പാർക്കിൽ ലോക മാർക്കറ്റിൽ ഇടം നേടിയ M/s Ubio Biotechnology Systems Pvt. Ltd., M/s Greenleaf Extractions Pvt. Ltd., M/s Prasan Solutions (India) Private Ltd. എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| സി) ജൈവ-സാങ്കേതിക മേഖലയുമായി ബന്ധപ്പെട്ടുള്ള ഉല്പന്നങ്ങളുണ്ടാക്കുന്ന സംരംഭങ്ങളുടെ പ്രോത്സാഹനത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | സി) ജൈവ സാങ്കേതിക മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് കളമശ്ശേരിയിലുള്ള കിൻഫ്ര ഹൈടെക് പാർക്കിനോട് ചേർന്ന് ഒരു ബയോ ടെക്നോളജി/ബയോടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്കായി കിൻഫ്ര ഒരു വ്യവസായ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.<br>വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കിയാണ് ഈ പാർക്ക് സ്ഥാപിച്ചിട്ടുള്ളത്. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനവും ഈ പാർക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കിൻഫ്ര പാർക്കുകളിൽ ആരംഭിക്കുന്ന വ്യവസായ സംരംഭകർക്ക് അവരുടെ ഭൂമിയുടെ രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഫീസ് ഇനത്തിലും തുക ഇളവ് അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**